അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ബി.ഒ.റ്റി. സമ്പ്രദായത്തിൽ പദ്ധതികൾ

2 [3407] ശ്രീ. കെ. രാധാകൃഷ്ണൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ രംഗത്ത് ബി. ഒ. റ്റി. സമ്പ്രദായത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ബി. ഒ. റ്റി. സമ്പ്രദായത്തിൽ നടപ്പിലാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്;

(സി) തയ്യാറാക്കപ്പെട്ട പദ്ധതികൾ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക വെളിപ്പെടുത്താമോ;

(ഡി) സർക്കാർ ഭൂമി വിട്ടുകൊടുക്കേണ്ടിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ഇ) ഏതെല്ലാം സ്ഥാപനങ്ങളുമായി ഏതെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്;

(എഫ്) ടെണ്ടറില്ലാതെ നേരിട്ട് കരാറായിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്?

ഉത്തരം

(എ) അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ രംഗത്ത് ബി. ഒ. റ്റി. സമ്പ്രദായത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടില്ല.

(ബി—എഫ്) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

3 [3408] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമോ;

(സി) അനധികൃതമായും ആവശ്യത്തിലധികമായും നടത്തിയിട്ടുള്ള നിയമനങ്ങൾമൂലം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly